# തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്
# മുഖ്യനഗരാസൂത്രകന്റെ നടപടിക്രമം
# തിരുവനന്തപുരം

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യ നഗരാസൂത്രകന്റെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - തിരുവനന്തപുരം ജില്ല -തിരുവനന്തപുരം നഗരസഭ- പാങ്ങപാറ വില്ലേജ്- ഹോസ്പിറ്റൽ കെട്ടിട നിർമ്മാണം - കൺകറൻസ്- അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- (1) തിരുവനന്തപുരം ജില്ലാ ടൗൺ പ്ലാനറുടെ 28/10/2021- ലെ TCPTVM/1187 /2021-D നമ്പർ കത്ത്.
(2)തിരുവനന്തപുരം നഗരസഭയുടെ 15/04/2021 ലെ SZO/TP/7072/20 നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/2377/2021-D3 തീയതി:**18/01/2022**

---

തിരുവനന്തപുരം ജില്ലയിലെ തിരുവനന്തപുരം നഗരസഭ പരിധിയിലുള്ള പാങ്ങപ്പാറ വില്ലേജിൽ സർവ്വേ നമ്പർ 604/1, 606/1, റീ സർവ്വേ നമ്പർ 565/4-1, 565/3-1 എന്നിവയിൽപ്പെട്ട 12.55 Are സ്ഥലത്ത് നിലവിലുള്ള കെട്ടിട നമ്പറുള്ള ഹോസ്പിറ്റൽ കെട്ടിടത്തോട് ചേർന്ന് Extension & Renovation ആയി പുതിയ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. ഡോ. രാജുന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.ബി.ആർ 2019-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി മാസ്റ്റർ പ്ലാനിന്റെ ഭാഗമായ IDO പ്രകാരമുള്ള കൺകറൻസ് അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. താഴെ പറയുന്ന നിബന്ധനകൾ പൂർണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃതം ആവശ്യമായ ഏജൻസികളുടെ NOC/ അനുമതി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ വരുത്തിയ ശേഷം മാത്രമെ സെക്രട്ടറി കെട്ടിട നിർമ്മാണ അനുമതി/ഒക്കുപെൻസി നൽകുവാൻ പാടുള്ളൂ.
2. കെ.എം.ബി.ആർ 2019 ലെ ചട്ടം 11 പ്രകാരം സ്ഥലത്തിന്റെ ഉടമസ്ഥത, സർവ്വേ നമ്പർ, അതിരുകൾ, വിസ്തൃതി, അളവുകൾ, അപേക്ഷകന്റെ നിർമ്മാണ അവകാശം എന്നിവയും നിർദ്ദിഷ്ട നിർമ്മാണ സ്ഥലം പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നതല്ലായെന്നും രേഖകൾ പരിശോധിച്ച് സെക്രട്ടറി ബോധ്യപ്പെട്ടിരിക്കണം.
3. നിർമ്മാണം കെ.എം.ബി.ആർ 2019 നും അനുബന്ധ ഭേദഗതികൾക്കും, ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.
4. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം.

5. കട്ടിംഗ്/ഫില്ലിംഗ് ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പിന്റെ എൻ .ഒ.സി വാങ്ങിയിരിക്കണം.
6. നിർദ്ദിഷ്ട നിർമ്മാണ സ്ഥലത്ത് ഉദ്ദേശിക്കുന്ന വികസന /നിർമ്മാണ പ്രവർത്തനങ്ങൾ 2008-ലെ കേരള നെൽവയൽ -തണ്ണീർത്തട സംരക്ഷണ നിയമം, അനുബന്ധ സർക്കാർ സർക്കുലറുകൾ, 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് എന്നിവ ബാധകമാകുന്ന പക്ഷം അവയ്ക്ക് അനുസൃതമായിരിക്കണം.
7. നിലവിലുള്ള ആശുപത്രി കെട്ടിടം നിയന്ത്രണ നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നതിന് മുൻപ് നിയമപരമായി സ്ഥാപിതമാണോ എന്ന് നഗരസഭ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
8. തുറസ്സായ സ്ഥലത്തിന്റെ 50% ൽ അധികം സ്ഥലം പാകാൻ പാടില്ലാത്തതും മഴവെള്ളം മണ്ണിലേക്ക് അരിച്ചിറങ്ങുന്നതിന് അനുവദിക്കേണ്ടതുമാണ്.
9. വെള്ളം അരിച്ചിറങ്ങാൻ തടസ്സമുള്ള തരം മണ്ണാണെങ്കിൽ മഴവെള്ളത്തെ ഉപരിതല ജല നിർഗമന മാർഗവുമായും മലിന ജലത്തെ മലിന ജല നിർഗമന മാർഗവുമായും ബന്ധിപ്പിക്കേണ്ടതാണ്.
10. നിലവിലുള്ള ആശുപത്രി കെട്ടിടം നിയമപരമായി സ്ഥാപിതമാകുന്ന സമയത്ത് അപേക്ഷകന്റെ പേരിലുള്ള സ്ഥലത്തിനോട് ചേർന്ന് അധിക സ്ഥലം കൂട്ടിച്ചേർത്തിട്ടില്ലായെന്നും സെക്രട്ടറി പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ ലേ-ഔട്ട് നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ പ്ലാനിംഗ് കാര്യാലയം/തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം**

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

Signature Not Verified
Digitally signed by RAJEEVAN PITTAN
Date: 2022.01.18 12:55:45 IST
Reason: Approved

**രാജീവൻ പിട്ടൻ**
**ടൗൺ പ്ലാനർ**

ടൗൺ പ്ലാനർ

തിരുവനന്തപുരം.

പകർപ്പ്:-

1. സെക്രട്ടറി
   തിരുവനന്തപുരം നഗരസഭ.

2. ശ്രീ. ഡോ.രാജു
   ഇന്ദ്രനീലം, TC 2/453, പി.റ്റി. ചാക്കോ നഗർ
   മെഡിക്കൽ കോളേജ് (പി.ഒ) തിരുവനന്തപുരം-695011

3. വെബ് സൈറ്റ്

4. കരുതൽ ഫയൽ

5. അധികം